I ഇ.ബി. XIV - കേരള നിയമസഭ /V-4

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 02, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I അടിയന്തരപ്രമേയം

സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി. സെൻകുമാറിനെ പുന:സ്ഥാപിക്കൽ

മി. സ്പീക്കർ : രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി 2017 ഏപ്രിൽ 24-ന് പുറപ്പെടുവിച്ച വിധിന്യായത്തിലൂടെ സംസ്ഥാന പോലീസ് മേധാവിയായി (സ്റ്റേറ്റ് പോലീസ് ചീഫ്) ഡോ. ടി.പി. സെൻകുമാറിനെ

പുന:സ്ഥാപിക്കാൻ നൽകിയ ഉത്തരവ് എട്ട് ദിവസമായിട്ടും നടപ്പിലാക്കാത്തതുമൂലവും വിധി നടപ്പിലാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥമൂലവും ഉളവായിട്ടുള്ള അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. ഉമ്മർ, കെ.സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഡോ. ടി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി പുന:സ്ഥാപിക്കണമെന്ന സുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ചു വരികയാണ്. വിധി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിധിപ്പകർപ്പിന്റെ സർട്ടിഫൈഡ് കോപ്പി ലഭിക്കുന്നതിനുമുമ്പ് ഓൺലൈനിൽ വിധിപ്പകർപ്പ് ലഭിച്ചയുടൻ ചീഫ് സെക്രട്ടറി തലത്തിൽ ആവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. നിയമ വകുപ്പുസെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും സർക്കാർ തേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: മുഖ്യമന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ അടിയന്തര പ്രമേയത്തിന്റെ പ്രാധാന്യം മനസ്സിലാകുന്നതാണ്. വളരെ ലാഘവത്തോട്ടുകൂടിയാണ്

ഗവൺമെന്റ് ഈ പ്രശ്നത്തെ കാണുന്നത്. നിയമസമാധാനത്തിന്റെയും ക്രമ സമാധാനപാലനത്തിന്റെയും ഉത്തരവാദിത്വം സംസ്ഥാന പോലീസ് മേധാവിക്കാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഉണ്ടായിട്ടും സംസ്ഥാനത്ത് ഡി.ജി.പി. ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. നിയമ വകുപ്പുസെക്രട്ടറിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം ലഭിച്ചിട്ടും ഡി.ജി.പി. നിയമനത്തിൽ അനിശ്ചിതാവസ്ഥ തുടരുകയാണ്. വിധി നടപ്പാക്കു ന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. പരമോന്നത നീതിപീഠത്തിൽ നിന്നുള്ള വിധി നടപ്പാകാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 144-ൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന പോലീസ് തലപ്പത്തുനിന്നും മാറ്റിയതിനെതിരെ ഡോ. ടി. പി. സെൻകുമാർ ഉന്നയിച്ച വാദങ്ങൾ അംഗീകരിച്ചുകൊണ്ടാണ് ഏപ്രിൽ 24-ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചത്. ഇക്കാര്യത്തിൽ സർക്കാർ ഉന്നയിച്ച കാരണങ്ങൾ കോടതി എതിർക്കുകയും സർക്കാരിന്റെ നടപടികളിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. ഡോ.ടി.പി. സെൻകുമാറിനെ തിരിച്ചെടുക്കണമെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ള തിനാലും ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയ ഉത്തരവ് അസാധുവാക്കിയതിനാലും അദ്ദേഹത്തെ നിയമിക്കുന്നതിന് പ്രത്യേക സമയപരിധി ആവശ്യമില്ല. നീതി നടപ്പിലാക്കുന്നതിനുപകരം അനാവശ്യമായ കാലവിളംബം സൃഷ്ടിക്കുന്നതിനുള്ള

ശ്രമമാണ് സർക്കാർ നടത്തുന്നത്. നിയമപ്രകാരം കേരളത്തിലെ ഡി.ജി.പി. ആരാണെന്ന് വ്യക്തമാക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. ക്രമസമാധാനരംഗം തകരുകയും നീതിനിർവ്വഹണം നടത്താൻ ഉത്തരവാദപ്പെട്ട ആളുകളെ നിയമിക്കാൻപോലും കഴിയാതെ സർക്കാർ പരാജയപ്പെടുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. പിണറായി വിജയൻ: കോടതി വിധി വന്നെങ്കിലും ഡോ. ടി. പി. സെൻകുമാർ നൽകിയ ഹർജി സുപ്രീംകോടതിയുടെ പരിഗണന യിലിരിക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും ഡോ. ടി. പി. സെൻകുമാറിനെ മാറ്റിയ നടപടി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും ഹൈക്കോടതിയും ശരിവച്ചുവെങ്കിലും അത് സുപ്രീംകോടതി അംഗീകരിച്ചിരുന്നില്ല. സുപ്രീംകോടതി വിധി സർക്കാർ അംഗീകരിക്കുന്നു. ഡി.ജി.പി. റേഞ്ചിന്റെ ചുമതലയുള്ള ഐ.ജി., എസ്.പി., കമ്മീഷണർ, എസ്.ഐ. എന്നീ തസ്തികകളിലുള്ളവരെ മാറ്റുന്നതിന് കാലപരിധി പറഞ്ഞിട്ടുണ്ടെങ്കിലും നിർബന്ധിത സാഹചര്യം വന്നാൽ സർക്കാരിന് വേണ്ട നടപടി സ്വീകരിക്കാമെന്ന് കേരള പോലീസ് ആക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വാദിയുടേയോ പ്രതിയുടേയോ വിജയമായല്ല; നീതിയുടെ വിജയമായാണ് കോടതി വിധിയെ കാണേണ്ടത്. സുപ്രീംകോടതി വിധിയുമായി

ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. ഈ വിഷയത്തിൽ എ.ജി.-യുടെകൂടി ഉപദേശം ലഭിച്ചതിനുശേഷം തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടി സർക്കാർ സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, പി. ജെ. ജോസഫ് , ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക്

ഇൻഡസ്ട്രീസ് ലിമിറ്റഡ് 2007-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ബ്രഹ്മോസ് എയ്റോസ്പേസ് എന്ന സ്വകാര്യ സ്ഥാപനത്തിന് കൈമാറുകയും മിസൈൽ ഉത്പാദിപ്പിക്കുന്ന പ്രസ്തുത സ്ഥാപനം ഇപ്പോൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയുമാണ്. 24 ഏക്കർ ഭൂമിയാണ് ഈ സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. ഭൂമി കൈമാറുന്ന സമയത്ത് 100 കോടി രൂപ കമ്പനിയിൽ നിക്ഷേപിക്കുമെന്നും ധാരാളം തൊഴിലവസരമുണ്ടാകുമെന്നുമാണ് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചതെങ്കിലും ഒന്നും നടന്നിട്ടില്ല. പ്രതിരോധ വകുപ്പിന്റെ ഒരു യൂണിറ്റ് എന്ന നിലയിൽ ഈ സ്ഥാപനത്തിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുകയാണ്. ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ ലഭ്യമാകുന്നില്ല. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ അത് തിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഇൻഡോ-റഷ്യൻ സംയുക്ത സംരംഭമായ ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന് 2007 ഡിസംബർ 31-ന് കൈമാറി. എയ്റോസ്പേസ് കംപോണന്റിന്റെയും സിസ്റ്റംസിന്റെയും ഉത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്

ഇവിടെ നടത്തുന്നത്. കഴിഞ്ഞ മൂന്നുവർഷങ്ങളായി കമ്പനിയുടെ വിറ്റുവരവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കെൽടെക്കിന്റെ ആസ്തികളും കടങ്ങളും ഏറ്റെടുത്തുകൊണ്ടും നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുമാണ് ഈ സ്ഥാപനം ഏറ്റെടുത്തിരിക്കുന്നത്. കമ്പനി ഏറ്റെടുത്തതിനുശേഷം 2008-ലും 2013-ലും ശമ്പള പരിഷ്കരണം നടന്നിരുന്നു. തൊഴിലാളികളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ട്രേഡ് യൂണിയനുകൾ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ നൽകിയ പരാതി തീർപ്പായിട്ടില്ലെങ്കിലും ഡി.പി.സി. കൂടി തൊഴിലാളികൾക്ക് പ്രൊമോഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

## (2) കറൻസി നോട്ടുകളുടെ ക്ഷാമം

ശ്രീ. പാറക്കൽ അബ്ദുല്ല: സംസ്ഥാനം കറൻസി നോട്ട് ക്ഷാമത്തിന്റെ പിടിയിൽനിന്ന് മുക്തമായിട്ടില്ല. കേന്ദ്ര സർക്കാർ നോട്ട് നിരോധിച്ചപ്പോഴുണ്ടായ അതേ സ്ഥിതി തന്നെയാണ് ഇപ്പോഴും തുടരുന്നത്. നോട്ട് ക്ഷാമംമൂലം സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ ഗുരുതരമായ പ്രശ്നങ്ങളാണുള്ളത്. വിഷു, ഈസ്റ്റർ ദിനങ്ങളിൽ ക്ഷേമ പെൻഷനുകൾ നൽകാൻ സാധിച്ചിട്ടില്ല. 40 ശതമാനത്തോളം എ.റ്റി.എം.-കളുടെയും പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറൻസിയുടെ ലഭ്യത കുറയ്ക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. വിവിധ ബാങ്കിംഗ്

സേവനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫൈനും ഫീസും ജനങ്ങളെ വലിയതോതിൽ പ്രയാസപ്പെടുത്തുകയാണ്. ബിവറേജസ്, കെ.എസ്.എഫ്.ഇ. തുടങ്ങിയവയുടെ കളക്ഷൻ ട്രഷറിയിൽ നിക്ഷേപിച്ചും മറ്റും സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ ആശ്വാസകരമാണ്. നോട്ട് പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി സർവ്വകക്ഷി സംഘത്തെ അയയ്ക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016 നവംബർ 8-ാം തീയതി 500 -ന്റെയും 1000 -ന്റെയും നോട്ടുകൾ പിൻവലിച്ചപ്പോൾ ഖജനാവിലെ 85 ശതമാനം പണവും പിൻവലിക്കപ്പെട്ടു. ഡിമോണിറ്ററൈസേഷൻ ആരംഭിച്ചപ്പോൾ വളരെ വേഗത്തിൽ നോട്ടിന്റെ ലഭ്യത വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും അത് യാഥാർത്ഥ്യമായില്ല. വിഷുവിന് കറൻസിക്ഷാമം വീണ്ടും രൂക്ഷമാകുകയാണുണ്ടായത്. നോട്ട് കൈമാറുന്നതിന്റെ വേഗതയെ ആശ്രയിച്ചിരിക്കും പണത്തിന്റെ ലഭ്യത. കേന്ദ്ര സർക്കാർ കൂടുതൽ നോട്ടുകൾ അച്ചടിക്കുന്നുണ്ടെങ്കിലും കേരളത്തിനനുവദിക്കുന്ന വിഹിതം കുറവാണ്. ബാങ്കുകൾ ആവശ്യപ്പെടുന്ന പണം നൽകുന്നില്ല. ബാങ്കിംഗ് ഇടപാടുകൾക്ക് ഫീസും സർവ്വീസ് ചാർജ്ജും ഏർപ്പെടുത്തിയതുകാരണം ആളുകൾ ബാങ്കിൽ പണം നിക്ഷേപിക്കാത്ത സാഹചര്യമാണുള്ളത്. പണത്തിന്റെ കൈമാറ്റവേഗത കുറഞ്ഞപ്പോൾ

പണലഭ്യതയിൽ ഇടിവുണ്ടായി. പ്രസ്തുത വിഷയം പലപ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പ്രശ്ന പരിഹാരമുണ്ടാകാത്തതിനാൽ സർക്കാർ ബിവറേജസ് കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ. എന്നിവയിൽ നിന്നുള്ള പണം ബാങ്കിൽ അടയ്ക്കുന്നതിനുപകരം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തി. ഇപ്പോൾ ട്രഷറികളിൽനിന്നും ഇടപാടുകാർക്ക് ആവശ്യാനുസരണം പണം നൽകാൻ കഴിയുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് 50 ദിവസം കഴിയുമ്പോൾ നോട്ടുക്ഷാമത്തിന് പരിഹാരമുണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇപ്പോഴും പരിഹാരമുണ്ടായിട്ടില്ല. ഇക്കാര്യം അതീവ ഗൗരവത്തോടെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിക്കുന്നതും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്.

## III സബ്മിഷൻ

### (1) കാരാട്ടുപുഴ കയ്യേറ്റം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. സി. കെ. നാണു എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കാരാട്ടുപുഴ പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറി

നികത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: വളരെ വർഷങ്ങൾക്കുമുമ്പ് കളിസ്ഥലമായിരുന്ന കാരാട്ടുപുഴ പുറമ്പോക്ക് ഭൂമി ആരും കയ്യേറിയിട്ടില്ല. പുഴയിൽ വെള്ളം കുറഞ്ഞപ്പോൾ അവിടെ കരയാകുകയും കുട്ടികൾ കളിസ്ഥലമായി ഉപയോഗിക്കുകയുമാണുണ്ടായത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കാരാട്ടുപുഴയും പുറമ്പോക്ക് ഭൂമിയും 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ്. പുഴയോട് ചേർന്ന സ്ഥലം വേലിയേറ്റ സമയത്ത് പുഴയായും വേലിയിറക്ക സമയത്ത് കരയായും കാണപ്പെടുന്നു. സ്വകാര്യ വ്യക്തിയുടെ സ്ഥലത്തോട് ചേർന്ന 25 സെന്റ് സ്ഥലം മണ്ണിട്ട് കയ്യേറിയതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ദൃശ്യകലാസമിതിയുടെ കെട്ടിടവും 2 തെങ്ങുകളുമാണുള്ളത്. മുനിസിപ്പാലിറ്റിയുടെ സ്ഥലമായതിനാൽ കയ്യേറ്റം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ മുനിസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കൽ

ശ്രീ. എ. എൻ. ഷംസീർ: കണ്ണമംഗലം മുൻ വനിതാ പഞ്ചായത്തംഗത്തെ

പീഡിപ്പിച്ചത് സംബന്ധിച്ച കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : മലപ്പുറം ജില്ലയിൽ കണ്ണമംഗലം പഞ്ചായത്തിലെ മുസ്ലീംലീഗ് മെമ്പറായ വനിതയെ മുൻ പഞ്ചായത്ത് പ്രസിഡന്റും നിലവിൽ പഞ്ചായത്ത് അംഗവും മുസ്ലീം ലീഗ് നേതാവുമായ സെയ്തലവിയും സുഹൃത്തായ ഫസൽ ആബിദും ചേർന്ന് പീഡിപ്പിക്കുകയും മൊബൈലിൽ പകർത്തിയ ദൃശ്യങ്ങൾ കാണിച്ച് വീട്ടിൽ അതിക്രമിച്ച് കയറി ബലാൽസംഗം ചെയ്യുകയും പുറത്ത് പറഞ്ഞാൽ ഭർത്താവിനെയും മകനെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ വേങ്ങര പോലീസ് സ്റ്റേഷനിൽ സെയ്തലവിയെ പ്രതിയാക്കി കേസ്സെടുത്ത് നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതി ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു. ഫസൽ ആബിദിനെ പ്രതിയാക്കി കൊണ്ടോട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതിയെ കണ്ടെത്തുന്നതിനും കുറ്റകൃത്യത്തിന് ഉപയോഗിച്ച മൊബൈൽ ഫോണും പ്രതി ഇരയിൽനിന്നും കൈപ്പറ്റിയ ഒന്നര പവന്റെ മാലയും കണ്ടെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നു. കേസന്വേഷണം ഒരു പ്രത്യേക ടീമിനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) കുടിവെള്ള ക്ഷാമം

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം ജില്ലയിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): മഴയുടെ കുറവ് സംസ്ഥാനത്തുടനീളം എല്ലാ കുടിവെള്ള പദ്ധതികളേയും സാരമായി ബാധിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സ് വാമനപുരം, കരമന, നെയ്യാർ എന്നീ നദികളാണ്. തിരുവനന്തപുരം സിറ്റിയിൽ വെള്ളമെത്തിക്കുന്നത് അരുവിക്കര ഡാമിൽ നിന്നാണ്. പേപ്പാറ ഡാമിൽ മേയ് 15 വരെയുള്ള വെള്ളം മാത്രമേ സംഭരിക്കപ്പെട്ടിട്ടുള്ളു എന്നതിനാൽ പമ്പിംഗിൽ ഏർപ്പെടുത്തിയ 25 ശതമാനം നിയന്ത്രണം വ്യാപകമായ രീതിയിൽ കുടിവെള്ളക്ഷാമം ഉണ്ടായതിനെത്തുടർന്ന് താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വേനലിന്റെ കാഠിന്യംമൂലം ജലവിതാനം കുറയുന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിൽനിന്ന് പ്രതിദിനം 100 ദശലക്ഷം ലിറ്റർ വെള്ളം അരുവിക്കരയിലെത്തിക്കാനുള്ള തീവ്ര ശ്രമത്തിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പിന്റെ ഒരു ഡ്രഡ്ജർ അവിടെ സ്ഥാപിച്ചിരിക്കുകയാണ്. കൂടാതെ 24 ദശലക്ഷം ലിറ്റർ വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്ന ട്രാവൻകൂർ സിമന്റ്സിന്റെ മറ്റൊരു ഡ്രഡ്ജറും സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കിയോസ്കുകൾ വഴി വെള്ളം നൽകാൻ ജില്ലാ

ഭരണകൂടം പരമാവധി ശ്രമിക്കുന്നതാണ്. ശുദ്ധീകരിച്ച വെള്ളം നിർമ്മാണാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയാനും അത്തരം വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിനും പൊതുനിരത്തിലെ ലീക്കുകൾ, വെള്ളത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പരോടുകൂടിയ കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

## (4) കെ.എസ്.ആർ.ടി.സി. ടെർമിനൽ നിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും വാണിജ്യ സമുച്ചയത്തിന്റെയും നിർമ്മാണ പ്രവൃത്തിക്കായി 28.12.2012-ലെ ബോർഡ് യോഗം 8.27 കോടി രൂപ നിശ്ചയിക്കുകയും ആസ്തി വികസന ഫണ്ടിൽനിന്നും രണ്ടുകോടി രൂപ കെട്ടിട നിർമ്മാണത്തിന് അനുവദിക്കുകയും ചെയ്തിരുന്നു. രണ്ടുനിലകളിലായി 702.75 ചതുരശ്രമീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടം ഡിപ്പോ ആവശ്യത്തിനായി കണക്കാക്കി

എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന തുകയ്ക്ക് ടെൻഡർ സമർപ്പിച്ച മെസ്സേഴ്സ് ക്രസന്റ് കൺസ്ട്രക്ഷന് പ്രവൃത്തി നൽകുകയും ബാക്കി ഭാഗത്തിന്റെ എസ്റ്റിമേറ്റ് ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തെ ഒഴിവാക്കി റിവൈസ് ചെയ്യുകയുമുണ്ടായി. ആറുകോടി രൂപയ്ക്ക് എസ്റ്റിമേറ്റ് അംഗീകരിക്കപ്പെടുകയും 15.10.2015-ൽ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പേമെന്റിലുണ്ടാകുന്ന കാലതാമസം കാരണം രണ്ട് കെട്ടിടങ്ങളുടെയും ജോലി നിർത്തിവച്ചിരിക്കുകയാണ്. എം. എൽ. എ. ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിയിൽ ഫസ്റ്റ് പാർട്ട് ബിൽ പ്രകാരം കരാറുകാരന് നൽകാനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഇതുകൂടാതെ കമ്പനിക്ക് നൽകേണ്ട തുക ടെൻഡർ നടപടികളിലൂടെ നിക്ഷേപം ലഭ്യമാകുന്ന മുറയ്ക്ക് നൽകിക്കൊണ്ട് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിയുന്നതാണ്.

## (5) പദ്ധതികളുടെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിനും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-

17 വർഷത്തെ മുഴുവൻ വർക്കുകളുടെയും എ. എസ്. മേയ് 31-നകം കൊടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു കോടി രൂപയിൽ താഴെയുള്ള വർക്കുകൾക്ക് ജില്ലാതലത്തിൽ അനുമതി നൽകുന്നത് സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. അടുത്ത ദിവസംതന്നെ അതിന്റെ ഉത്തരവ് ഇറങ്ങുന്നതാണ്. മുൻകാലങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ ഈ വർഷവും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കാം. അടുത്ത വർഷം മുതൽ ടെൻഡർ വഴിയോ അല്ലെങ്കിൽ ഏജൻസി വഴിയോ ചെയ്യാം.

(6) കർഷക പെൻഷൻ

ശ്രീ. മോൻസ് ജോസഫ് : കർഷക പെൻഷൻ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : കാർഷികോത്പാദനം മെച്ചപ്പെടുത്താനും കർഷകസുരക്ഷ ഉറപ്പാക്കാനും വേണ്ടി കിസാൻ അഭിമാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കർഷക പെൻഷൻ ആരംഭിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിശ്ശികയടക്കം 151.41 കോടി രൂപ കർഷക പെൻഷൻ ഇനത്തിൽ നൽകുകയുണ്ടായി. കർഷക പെൻഷൻ പ്രതിമാസം 1100

രൂപയായി വർദ്ധിപ്പിക്കുകയും അനർഹരായവരെ ഒഴിവാക്കുന്നതിനായി ആധാർ കാർഡുമായി ബന്ധപ്പെടുത്തി പരിശോധന നടത്തിവരികയുമാണ്. അർഹരായവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ പ്രത്യേക അദാലത്തുകൾ നടത്തുന്നതാണ്. കുടിശ്ശികയില്ലാതെ കർഷക പെൻഷൻ നൽകുന്നതിന് 301 കോടി രൂപ കൂടി ആവശ്യമുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെട്ട സാഹചര്യത്തിൽ ആവശ്യമായ തുക അനുവദിച്ചുകിട്ടുന്നതിന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : കർഷക തൊഴിലാളി ക്ഷേമനിധിക്കായി ഒരു സ്കീം അവതരിപ്പിക്കുകയും കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(7) ട്രൈബൽ കോളനി റോഡ് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി : അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം മുതൽ അടിച്ചിൽ തൊട്ടി ട്രൈബൽ കോളനി വരെയുള്ള റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു ലെയ്സൺ ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : പൂർണ്ണമായും ഗിരിവർഗ്ഗ മേഖലയായ പത്തടിപ്പാലം-അടിച്ചിൽ തൊട്ടി ട്രൈബൽ കോളനി പ്രദേശത്തെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവിധാനങ്ങളുടെ പ്രത്യേകത കണക്കിലെടുക്കാതെ നിരുത്തരവാദപരമായ തീരുമാനങ്ങളാണെടുത്തിട്ടുള്ളത്. ഊരാളുങ്കൽ സൊസൈറ്റിക്ക് ടെണ്ടർ കൊടുത്തെങ്കിലും ആവശ്യമായ പണം അനുവദിക്കാത്തതിന്റെ ഫലമായി പണി ഉപേക്ഷിക്കുകയും അധികാരപരിധിയിൽപ്പെടാത്ത പ്രദേശത്തെ റോഡ് നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തു. തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് റോഡ് നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. നിർമ്മാണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ ലെയ്സൺ ഓഫീസറായി നിയമിക്കുന്നതിന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നതാണ്.

## (8) അവശ്യസാധനങ്ങളുടെ വിലക്കയറ്റം

ശ്രീ. പി. സി. ജോർജ് : അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും വില്പനകേന്ദ്രങ്ങളിൽ വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും നടപടി

സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : അരി, ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി തുടങ്ങിയവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനാൽ കാലാവസ്ഥാ വ്യതിയാനവും വിളനാശവും മറ്റും ഉല്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കാറുണ്ട്. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ആന്ധ്രാപ്രദേശിൽ നിന്നുള്ള അരിയുടെ വരവ് ഗണ്യമായി കുറഞ്ഞതിന്റെ ഫലമായി അരിയുത്പാദകരുമായി ഗവൺമെന്റ് നേരിൽ ബന്ധപ്പെടുകയും ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ജയ അരിക്ക് സമാനമായ അരി ഇറക്കുമതി ചെയ്യുകയും കുട്ടനാട് റൈസ് സപ്ലൈകോ മൊത്തമായി സംഭരിച്ച് 33 രൂപയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ മേഖലയുടെ സഹായത്തോടെ പശ്ചിമ ബംഗാളിൽ നിന്നും അരിയെത്തിച്ച് 25 രൂപയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. പലവ്യഞ്ജനങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും കാര്യമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. വെളിച്ചെണ്ണ, പഞ്ചസാര, പച്ചക്കറി എന്നിവയുടെ വിലമാത്രമാണ് വർദ്ധിച്ചത്. പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ് നൂറുകണക്കിന് വില്പന കേന്ദ്രങ്ങൾ ആരംഭിച്ചു. ഗവൺമെന്റ് വിലനിർണ്ണയ അതോറിറ്റി രൂപീകരിച്ചുകൊണ്ട്

വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടി മോണിറ്റർ ചെയ്യുന്നതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പതിമൂന്നിന സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതല്ല.

(9) ടൂറിസം വികസനം

ശ്രീ. ഡി. കെ. മുരളി: പൊന്മുടിയുടെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് അടിയന്തരമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഗസ്റ്റ് ഹൗസ് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പൊന്മുടിയുടെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. റോപ് വേ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും തുക നീക്കിവച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സന്നദ്ധത അറിയിക്കാൻ കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ ഗസ്റ്റ് ഹൗസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനും നിലവിലുള്ളതിന്റെ നവീകരണത്തിനും തുക അനുവദിക്കുകയും പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(10) വിദ്യാഭ്യാസ ജില്ലാ രൂപീകരണം

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്നുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പരിശോധിക്കുകയും പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് മുൻ സർക്കാരിന്റെ കാലത്ത് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ല. പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ഇക്കാര്യം പിന്നീട് പരിശോധിക്കാവുന്നതാണ്.

## IV ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : 25/04/2017-ലെ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച 113 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ഇന്നുവരെയും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ചോദ്യങ്ങൾക്കൊന്നും ഉത്തരം ലഭിക്കാതെ പോലീസിനെ സംബന്ധിച്ച ധനാഭ്യർത്ഥന ചർച്ച നടക്കുന്നത് ആദ്യമായിട്ടാണ്. അംഗങ്ങളുടെ അവകാശത്തെ ഹനിക്കുന്ന ഈ വിഷയത്തിൽ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരിശോധിക്കാം.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്ന ഗൗരവമായ പ്രശ്നം പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്.

## V ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് (2913,49,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ (103,03,49,000 രൂപ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

<u>ശ്രീ. രാജു എബ്രഹാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചുരുങ്ങിയ കാലയളവിനുള്ളിൽ ക്രമസമാധാന രംഗത്ത് മികച്ചനേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയ പിങ്ക് പട്രോൾ സംവിധാനം രാജ്യത്തിനാകെ മാതൃകയായി മാറിയിരിക്കുകയാണ്. ആയമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച നടപടിയും വിദ്യാഭ്യാസ വായ്പ ആശ്വാസപദ്ധതിയും സ്വാഗതാർഹമാണ്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേരള ബാങ്ക് രൂപീകരിക്കാനും അമ്പതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാനുമുള്ള പ്രഖ്യാപനങ്ങൾ ശ്ലാഘനീയമാണ്. കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക പത്തിരട്ടിയായി വർദ്ധിപ്പിക്കാനും കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കാനും സാധിച്ചത് വലിയ നേട്ടമാണ്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കഴിഞ്ഞു. ഒരു വർഷം കൊണ്ട് സ്കൂളുകളെ ആധുനിക സ്കൂളുകളാക്കി മാറ്റുക എന്നുള്ള വലിയ ദൗത്യമാണ് സർക്കാർ ഏറ്റെടുക്കുന്നത്. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ തുടങ്ങിയ പദ്ധതികളുടെ പണികൾ പൂർത്തിയാക്കുകയും ഹൈവേകൾ ആറുവരിപ്പാതയാക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗെയിൽ പൈപ്പിടൽ പദ്ധതി ഡിസംബറിൽ ആരംഭിക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. വീടില്ലാത്ത അഞ്ചു ലക്ഷം പേർക്ക് വീടുകൾ നൽകാൻ

തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഡോ. ടി. പി. സെൻകുമാറിന്റെ കാര്യത്തിൽ സുപ്രീം കോടതിയുടെ വിധി നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 2580 തടവുകാർക്ക് ശിക്ഷാ ഇളവ് കൊടുക്കാൻ ശിപാർശ നൽകിയത് കഴിഞ്ഞ സർക്കാരാണെന്നാണ് 2015 ഡിസംബർ 14 -ലെ ഓർഡറിൽ വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. വനിതാ ബെറ്റാലിയൻ ആരംഭിക്കുകയും ഏഴ് പോലീസ് എസ്.ഐ.- മാരെ എസ്.എച്ച്.ഒ. -മാരായി നിയമിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ഈ ഗവൺമെന്റ് പോലീസ് വകുപ്പിൽ വികസനോന്മുഖമായ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിലെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജിഷ്ണുവിന്റെ മരണം, നടിയെ ആക്രമിച്ച സംഭവം, മറൈൻ ഡ്രൈവിലെ ശിവസേനയുടെ സദാചാര ഗുണ്ടായിസം, വാളയാറിലെ സഹോദരിമാരുടെ മരണം, സി.എ. വിദ്യാർത്ഥിനി മിഷേലിന്റെ ദുരൂഹമരണം, കുണ്ടറയിലെ പത്തു വയസ്സുകാരിയുടെ മരണം തുടങ്ങി എല്ലാ സംഭവങ്ങളിലും പോലീസിന് വീഴ്ച സംഭവിച്ചിരിക്കുകയാണ്. പീഡനക്കേസുകൾ വർദ്ധിക്കുകയും സദാചാര ഗുണ്ടകൾ പെരുകുകയും ചെയ്യുന്നു.

ദമ്പതിമാർക്കോ സഹോദരീ സഹോദരന്മാർക്കോ വഴി നടക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് മകന്റെ വിയോഗം താങ്ങാനാകാതെ നിസ്സഹായയായി എത്തിയ മഹിജയെ വലിച്ചിഴച്ച സംഭവം അപലപനീയമാണ്. ജനമൈത്രി പോലീസ് സേവനം കേരളത്തിലുണ്ടെങ്കിലും ജനങ്ങൾ ഭയത്തോടുകൂടിയാണ് പോലീസിനെ കാണുന്നത്. സംസ്ഥാന പോലീസിന് നാഥനില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കേരളത്തിലെ നിയമവാഴ്ച പൂർണ്ണമായും തകർന്നിരിക്കുന്നു.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സംവിധാനത്തിൽ അഴിച്ചുപണി നടത്തേണ്ടത് അത്യാവശ്യമാണ്. കേസുകൾ തെളിയിക്കുന്നതിൽ ക്രിയാത്മക ഇടപെടലുകളാണ് പോലീസ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിർഭയമായി കടന്നുചെല്ലാനുള്ള സാഹചര്യമൊരുക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ജയിലുകളിൽ പ്രവർത്തിക്കുന്ന ഉത്പാദന കേന്ദ്രങ്ങൾക്ക് മതിയായ സാമ്പത്തിക സഹായം നൽകണം. പോലീസ് ഉദ്യോഗസ്ഥർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനും ശമ്പള പരിഷ്കരണം, ടി.എ. എന്നിവ കുടിശ്ശികയുൾപ്പെടെ നൽകുന്നതിനുമാവശ്യമായ തുക അനുവദിക്കണം. പോലീസ്

എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് നിലവിലില്ലെങ്കിൽ അത് രൂപീകരിക്കണം. നഗരങ്ങൾ കേന്ദ്രീകരിച്ച് സ്റ്റേറ്റ് ട്രാഫിക് സംവിധാനം ആരംഭിക്കണം. പോലീസ് നയം പ്രഖ്യാപിക്കുന്നതിനും ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ച പോലീസ് കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ക്രമസമാധാനനില തകരുകയും കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. കേരള പോലീസ് നിഷ്ക്രിയമായി പ്രവർത്തിക്കുന്നതായാണ് സമീപകാല സംഭവങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. വിമർശന വിധേയനായ വ്യക്തിയെ മുഖ്യമന്ത്രിയുടെ ആഭ്യന്തര ഉപദേഷ്ടാവായി നിയമിച്ചതിൽ അസംതൃപ്തി രേഖപ്പെടുത്തുന്നു. കുറ്റവാളികളുടെ ശിക്ഷാ ഇളവിനായി തയ്യാറാക്കിയ പട്ടികയിൽ അനർഹരെ ഉൾപ്പെടുത്തിയ നടപടി ശരിയല്ല.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റ് പൊതുവിതരണ ശൃംഖലവഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാത്ത നടപടി ശ്ലാഘനീയമാണ്. ശക്തമായ വിജിലൻസ് സംവിധാനത്തിലൂടെ അഴിമതി കുറയ്ക്കാൻ സാധിച്ചു. സംസ്ഥാനത്ത് സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമെടുത്ത യു.എ.പി.എ. കേസുകളിൽ ഒന്നൊഴികെ ബാക്കിയെല്ലാം

പിൻവലിക്കാൻ തീരുമാനിച്ച നടപടി ശ്ലാഘനീയമാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുണ്ടായ ഇ-മെയിൽ ചോർത്തൽ കേസ് വ്യാജമാണെന്ന് തെളിഞ്ഞ സാഹചര്യത്തിൽ അറസ്റ്റ് ചെയ്ത പ്രതികളെ മോചിപ്പിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാനനിലയിലുള്ള ജനങ്ങളുടെ സംശയം ദൂരീകരിക്കണം. കേസുകളുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഈ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളിലും അടിയന്തരമായി നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഹോം ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും സൈബർ സെല്ലിനെ വിപുലീകരിക്കുന്നതിനും കമ്പ്യൂട്ടർ റെക്കോർഡ് സിസ്റ്റം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ജനമൈത്രി പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിക്കണം. പോലീസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും പരാതിയുമായി വരുന്നവർക്ക് സംരക്ഷണം നൽകേണ്ടതും അത്യാവശ്യമാണ്. കേരളത്തിൽ പോലീസ് ആക്ടിന് അനുബന്ധമായി റൂൾസ് നിർമ്മിക്കാത്ത സാഹചര്യത്തിൽ പ്രിസൺ ആക്ട് നടപ്പാക്കണം. കോട്ടയം

ജില്ലയിലെ കുറുപ്പന്തറ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാനും സെൻട്രൽ ജയിലുകളിലുള്ള സി.സി.ടി.വി. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാനും ജയിലുകളില്ലാത്ത ജില്ലകളിൽ ജയിലുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വടകര നിയോജകമണ്ഡലത്തിലെ ട്രാഫിക് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വാഹനപ്പെരുപ്പം കണക്കിലെടുത്ത് റോഡ് വീതി കൂട്ടുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ജനാധിപത്യ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണം.

ശ്രീ. പി. സി. ജോർജ്: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം പ്രതീക്ഷിച്ച രീതിയിൽ മുന്നേറാത്ത സാഹചര്യത്തിൽ മാറ്റം ഉൾക്കൊണ്ട് പ്രവർത്തിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. മുഖ്യമന്ത്രിയുടെ ഉപദേശകരെ ഒഴിവാക്കണം. എൽ. ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള ആർജ്ജവം കാണിക്കണം.

ശ്രീ. പി. കെ. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകുകയും ക്രമസമാധാനനില മെച്ചപ്പെടുകയും ചെയ്തു. മതാധിഷ്ഠിത ഭരണം അടിച്ചേല്പിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.

സർക്കാരിന്റെ നിലപാടിനെ കോൺഗ്രസ് തിരിച്ചറിയണം. വിവാദങ്ങളുയർത്തി യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. പോലീസ് പരിശീലനത്തിൽ മാറ്റം വരുത്താനും കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും ശ്രമിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. പോലീസ് കൺസൾട്ടേഷൻ കമ്മിറ്റി വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കണം. യു.എ.പി.എ., കാപ്പ പോലുള്ള നിയമങ്ങൾ പ്രയോഗിക്കുന്നത് പുന:പരിശോധിക്കാനും 44-ഓളം കേസുകൾ ഒഴിവാക്കാനും സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. മതനിരപേക്ഷ സാമൂഹ്യബോധം ജനങ്ങളിലുണ്ടാക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞുവെന്നത് പ്രധാന നേട്ടമാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സുരക്ഷിത കേരളം വാഗ്ദാനം ചെയ്ത് അധികാരത്തിലെത്തിയ സർക്കാർ സമ്പൂർണ്ണ അരക്ഷിത കേരളം സൃഷ്ടിച്ച നേട്ടവുമായാണ് ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുന്നത്. തോൽവികൾ മാത്രമാണ് കഴിഞ്ഞ ഒരു വർഷത്തെ ഗവൺമെന്റിന്റെ നേട്ടം. സത്യസന്ധമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റിൽ വിശ്വാസ്യതയില്ലാത്തതിനാൽ ജനങ്ങൾക്ക് സുപ്രീം കോടതിയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. സ്ത്രീകളുടെ ശാപം ഏറ്റുവാങ്ങുന്ന സർക്കാരായി എൽ.ഡി.എഫ്. സർക്കാർ അധഃപതിച്ചിരിക്കുകയാണ്.

<u>ശ്രീ. എം. സ്വരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിയും അരാജകത്വവും അരക്ഷിതാവസ്ഥയും നിലനിന്നിരുന്ന കഴിഞ്ഞ കാലത്തിൽനിന്ന് വ്യത്യസ്തമായി ശുദ്ധീകരണത്തിന്റെ പാതയിലാണ് കേരളം ഇന്ന് നിലകൊള്ളുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കുറ്റവാളികളെ പിടികൂടാനോ തുറുങ്കിലടയ്ക്കാനോ ശ്രമിക്കാതെ അവർക്ക് ഒത്താശ ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചിരുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടുന്ന സമീപനമാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്. യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കാനും ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനുമുള്ള നടപടികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. ക്രമസമാധാനപാലന രംഗത്ത് പോലീസ് സേനയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന സർക്കാരിനെതിരെ കോടതി പരാമർശം നിലവിലുണ്ടെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാന രഹിതമാണ്. കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഈ ഗവണ്മെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വളരെ കുറവാണ്.

<u>ഡോ. എം. കെ. മുനീർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന പോലീസിനെ നിലയ്ക്ക് നിർത്തണമെന്ന് മാർക്സിസ്റ്റ് പാർട്ടി നേതാക്കന്മാർ പറയുന്ന പ്രസ്താവനകളാണ് ദിവസേന പത്രങ്ങളിൽ കാണാൻ സാധിക്കുന്നത്. ആഭ്യന്തര

വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ പോലീസ് സേനയ്ക്കെതിരെ നിരന്തരമുണ്ടാകുന്ന വിമർശനങ്ങൾ മുഖവിലയ്ക്കെടുക്കാനും പിശക് പറ്റിയതെവിടെയാണെന്ന് പരിശോധിക്കാനും തയ്യാറാകണം. ഉദ്യോഗസ്ഥരെ രാഷ്ട്രീയ ആയുധങ്ങളാക്കുന്നതിൽ നിന്ന് സർക്കാർ പിന്മാറണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ കൊലപാതകങ്ങൾ, ദളിത് പീഡനങ്ങൾ, ക്രിമിനൽ കേസുകൾ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ലഹരിമരുന്ന് കേസുകൾ, പീഡനക്കേസുകൾ എന്നിവ വർദ്ധിക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. കൂട്ടുത്തരവാദിത്വമുള്ള സർക്കാർ എന്ന നിലയിൽ കാര്യങ്ങൾ ചർച്ച ചെയ്ത് മുന്നോട്ടുപോകാൻ തയ്യാറാകണം.

<u>ശ്രീ. എ. എം. ആരിഫ്</u> : ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ 60-ാം വാർഷികാഘോഷ വേളയിൽ മഹത് വ്യക്തികളുടെ സ്മൃതി മണ്ഡപങ്ങളിൽ പുഷ്പാർച്ചന നടത്തുന്നതിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. പോലീസ് സേനയിൽ പുതിയതായി 2160 വനിതാ പോലീസ് തസ്തികകൾ സൃഷ്ടിച്ചു. വനിതാ പോലീസ് ബെറ്റാലിയൻ, ഗുണ്ടകളെ നേരിടുന്നതിന് പ്രത്യേക സ്ക്വാഡുകൾ, പോലീസ് ആസ്ഥാനത്ത് നോഡൽ ഓഫീസർ, സംസ്ഥാന - ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡ്, പോലീസിനെ സേനാ മാതൃകയിൽ പുന:സംഘടിപ്പിക്കൽ, സംസ്ഥാന വിജിലൻസ് കമ്മീഷൻ

രൂപീകരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ള കൊലപാതകങ്ങൾ, കൊലപാതക ശ്രമങ്ങൾ, ബലാൽസംഗം, പോക്സോ നിയമ പ്രകാരമുള്ള കേസുകൾ എന്നിവയുടെ എണ്ണം വളരെയധികം വർദ്ധിച്ചിരുന്നു. കേരളാ പോലീസിനെ നല്ല രീതിയിൽ മുന്നോട്ട് നയിക്കാനുള്ള ശ്രമമാണ് ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസിന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റമുണ്ടാകേണ്ടതുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ പതിനൊന്നുമാസത്തെ ഭരണംകൊണ്ട് പോലീസ് സംവിധാനം താറുമാറായി. സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. രാഷ്ട്രീയ പാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ അതിക്രമിച്ചു കയറുകയും സദാചാര ഗുണ്ടകൾ അഴിഞ്ഞാടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന 42 കേസുകളിൽ 'നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം' നിലനിൽക്കില്ലെന്നാണ് പറയുന്നത്. സംസ്ഥാന സർക്കാരും വിജിലൻസ് ഡയറക്ടറും ഒരേ കേസിൽ വ്യത്യസ്ത അഫിഡവിറ്റുകളാണ് കോടതിയിൽ

സമർപ്പിച്ചിരിക്കുന്നത്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റും പരസ്പര വിശ്വാസമില്ലാത്ത മന്ത്രിമാരുമാണ് സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയ്ക്കും ഭരണത്തകർച്ചയ്ക്കും കാരണക്കാരായി തീർന്നിരിക്കുന്നത്. പോലീസിന്റെ പ്രവർത്തനത്തിൽ തികഞ്ഞ അസംതൃപ്തിയാണ് ജനങ്ങൾക്കുള്ളത്. കേരള പോലീസിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഇവിടെ നടന്ന ചർച്ചയിൽ ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ പ്രതിയോഗികളെ അമർച്ച ചെയ്യുന്നതിന് പോലീസിനെ ഉപയോഗിച്ചിരുന്നു. കൃത്യതയോടെ പോലീസ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇടതുവലതു മുന്നണികളുടെ ഭരണകാലത്ത് ഡി.ജി.പി.-യായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. രമൺ ശ്രീവാസ്തവയെ ഉപദേശകനായി നിയമിച്ചതിൽ യാതൊരു തെറ്റുമില്ല. നിയമം പാലിച്ചുകൊണ്ട് പക്ഷപാതരഹിതമായി പ്രവർത്തിക്കുന്നതിന് പോലീസിനെ സജ്ജമാക്കുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. മൂന്നാംമുറ അനുവദിക്കില്ലെന്ന സർക്കാർ നിലപാടിന് വിരുദ്ധമായി പ്രവർത്തിച്ചാൽ കർശന

നടപടിയുണ്ടാകും. ഗുണ്ടാപ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കും. പോലീസ് സ്റ്റേഷനുകളിലെത്തുന്നവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് പ്രത്യേകം പോലീസുകാരെ നിയോഗിക്കുന്നതാണ്. പെൺകുട്ടികൾക്ക് സ്വയംരക്ഷയ്ക്കാവശ്യമായ പരിശീലനം നൽകുന്നതും ജനമൈത്രീ ബീറ്റ് പോലീസിംഗിന് മുൻകയ്യെടുക്കുന്നതുമാണ്. അഴിമതിയുമായി ബന്ധപ്പെട്ട പരാതികളിൽ കർശന നടപടി സ്വീകരിക്കും. പോലീസ് ഉദ്യോഗസ്ഥർ പരസ്യ പ്രതികരണങ്ങളൊഴിവാക്കി അച്ചടക്കത്തോടെ പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് സുരക്ഷാപരിശോധനകൾ കർശനമാക്കുന്നതിനും ട്രാഫിക് പോലീസിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ക്രിമിനൽ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും അന്യസംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്കുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കും. മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ പോലീസ് സംഘത്തെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. രാഷ്ട്രീയ പ്രവർത്തകർക്കെതിരെ കാപ്പ ചുമത്തുകയില്ലെന്നും യു.എ.പി.എ. ദുരുപയോഗം ചെയ്യാൻ പാടില്ലെന്നുമുള്ള സർക്കാർ നയം പ്രാവർത്തികമാക്കും. കാലാനുസൃതമായി പോലീസിന്റെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി Inservice Training Course ഓർഗനൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

പോലീസിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസുകാരുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് പ്രധാനപ്പെട്ട വിഷയമായി കണക്കിലെടുത്ത് ദിവസം അര മണിക്കൂറെങ്കിലും വ്യായാമത്തിനുവേണ്ടി മാറ്റിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഏത് റാങ്കിലുള്ള പോലീസ് ഓഫീസറായാലും ശ്രദ്ധേയമായ നടപടി സ്വീകരിച്ചാൽ അവരെ അഭിനന്ദിക്കുകയും അവാർഡ് നൽകുകയും ചെയ്യുന്നതാണ്. ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന റാക്കറ്റ് സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നത് ഗൗരവമായി എടുത്ത് അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാന മുണ്ടാക്കുന്നതാണ്. യുവജനങ്ങളെ കാണാതാകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു പ്രത്യേക ടീം വർക്ക് ഒരുക്കുന്നതാണ്. ടൗണുകൾ, തിരക്കേറിയ മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, ഷോപ്പിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതാണ്. ക്രൈം കേസുകൾ കൃത്യമായും കാര്യക്ഷമമായും ഇൻവെസ്റ്റിഗേറ്റ് ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. ക്രമസമാധാനത്തിനും കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും വെവ്വേറെ വിഭാഗത്തെ

രൂപീകരിക്കുന്ന കാര്യം 12 മാസത്തിനകം പൂർണ്ണമായും നടപ്പാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കിൾ ഇൻസ്പെക്ടർമാരെ പോലീസ് സ്റ്റേഷൻ ഹൗസ് ഇൻസ്പെക്ടർമാരായി നിയമിക്കാനും പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമവും ജനസൗഹൃദവുമാക്കാനും സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ പഞ്ചായത്തിലും ഒരു വനിതാ പോലീസ് ഓഫീസർ ഒരു നിശ്ചിത ദിവസം പോയി സ്ത്രീകളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതാണ്. പോലീസ് ആധുനികവത്കരണത്തിനുവേണ്ടി അനുവദിച്ച ഫണ്ട് ലാപ്സായിപ്പോവുകയും കേന്ദ്ര സർക്കാർ പദ്ധതി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അനുവദിച്ച പ്ലാൻ ഫണ്ടിൽ 97 ശതമാനവും വിനിയോഗിക്കാൻ സാധിച്ചതുകൊണ്ട് വീണ്ടും പദ്ധതി നടപ്പാക്കുകയും കേന്ദ്ര ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 'ജനസൗഹൃദ പോലീസ്' എന്ന ലക്ഷ്യത്തോടുകൂടിയ പ്രവർത്തനങ്ങൾ പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതാണ്. ഇവിടെ അവതരിപ്പിച്ച രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

( മുഖ്യമന്ത്രി മറുപടി പറയുന്നതിനിടയിൽ ചോദ്യത്തിന് വഴങ്ങാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും യു. ഡി. എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിക്കുകയും ചെയ്തു.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും 2-നെതിരെ 78 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.46 -ന് പിരിഞ്ഞു.